Reg. No. : .....................................

Name : ..........................................

**FY-42**

**FIRST YEAR HIGHER SECONDARY EXAMINATION, JUNE 2022**

Part – III

**SOCIAL WORK**

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## PART – A

**Answer all questions from 1 to 8. Each carries 1 score.** **(8 × 1 = 8)**

1. A social worker should treat each individual and his/her problem differently. Which among the following principle of social work is related to this statement ?

   (a) Acceptance (b) Individualization

   (c) Self determination (d) Confidentiality

2. Which is the field of social work through which social worker provides support and services the elderly people to meet the challenges of ageing ?

   (a) Gerentology (b) Eco-social work

   (c) Correctional (d) Psychiatric

3. The District collector gives financial aid to a flood victim is an example of _____.

   (a) Social Health (b) Social Assistance

   (c) Social Reform (d) Social Justice

4. What is the process of organizing and interpreting information received by sense organs ?

   (a) Cognition (b) Intelligence

   (c) Memory (d) Perception

5. Which among the following is a wrong statement about social work ?

   (a) It is a professional service

   (b) It helps to solve psycho-social problems of an individual

   (c) It has a strong scientific base

   (d) It is not remunerative

## പാർട്ട് – എ

**1 മുതൽ 8 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (8 × 1 = 8)**

1. ഓരോ വ്യക്തിയെയും അവന്റെ/അവളുടെ പ്രശ്നത്തെയും സോഷ്യൽ വർക്കർ വ്യത്യസ്തമായി പരിഗണിക്കണം. താഴെ പറയുന്ന സോഷ്യൽ വർക്ക് തത്വങ്ങളിൽ ഈ പ്രസ്താവനയുമായി ബന്ധപ്പെട്ടത് ഏതാണ് ?

   (a) സ്വീകാര്യത (b) വ്യക്തിത്വ വത്കരണം

   (c) സ്വയം തീരുമാനമെടുക്കൽ (d) രഹസ്യാത്മകത

2. വാർദ്ധക്യത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനുള്ള സേവനങ്ങളും പിന്തുണയും ലഭ്യമാകുന്ന സോഷ്യൽ വർക്കിന്റെ മേഖല ഏതാണ് ?

   (a) ജറന്റോളജി (b) ഇകോ-സോഷ്യൽവർക്ക്

   (c) കറക്ഷണൽ (d) സൈക്യാട്രിക്

3. ഒരു വെള്ളപ്പൊക്ക ദുരിതബാധിതന് ജില്ലാ കളക്ടർ സാമ്പത്തിക സഹായം നൽകുന്നത് _____ ന് ഉദാഹരണമാണ്.

   (a) സാമൂഹ്യ ആരോഗ്യം (b) സാമൂഹ്യ സഹായം

   (c) സാമൂഹ്യ പരിഷ്കരണം (d) സാമൂഹ്യ നീതി

4. പഞ്ചേന്ദ്രിയങ്ങൾ വഴി സ്വീകരിക്കുന്ന വിവരങ്ങളെ വ്യാഖ്യാനിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയ എന്താണ് ?

   (a) സംജ്ഞാനം (Cognition) (b) ബുദ്ധി (Intelligence)

   (c) ഓർമ്മ (Memory) (d) ഗ്രഹണം (Perception)

5. താഴെ പറയുന്നവയിൽ സോഷ്യൽവർകുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏതാണ് ?

   (a) ഇത് തൊഴിൽപരമായ സേവനമാണ്

   (b) ഒരു വ്യക്തിയുടെ മനോ-സാമുഹ്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിക്കുന്നു.

   (c) ഇതിന് ശക്തമായ ശാസ്ത്രീയ അടിത്തറയുണ്ട്

   (d) പ്രതിഫലം ലഭിക്കാത്തത്

6. The inner drive to behave or act in a certain manner is termed as _____.

(a) Motivation (b) Attitude

(c) Creativity (d) Growth

7. _____ is the formal means of controlling and regulating human behaviour in group life.

(a) Social Capital (b) Social Legislation

(c) Social Pathology (d) Social Security

8. Using public power for private gain is generally termed as ______.

(a) Communalism (b) Violence

(c) Corruption (d) Unemployment

**PART – B**

**Answer any 6 questions from 9 to 16. Each carries 2 scores.** **($6 \times 2 = 12$)**

9. List out any four skills required for a social worker.

10. What is defence mechanism ? Write any two forms of defence mechanism.

11. List out any two causes of substance abuse.

12. Write any two characteristics of Right to Education Act (RTE Act).

13. Enlist any two characteristics of Community.

6. ഒരു പ്രത്യേക രീതിയിൽ പെരുമാറുന്നതിനോ പ്രവർത്തിക്കുന്നതിനോ ഉള്ള ആന്തരിക പ്രേരണയെ സൂചിപ്പിക്കുന്ന പദമാണ് _______ .

(a) പ്രചോദനം (Motivation) (b) മനോഭാവം (Attitude)

(c) സൃഷ്ടിപരത (Creativity) (d) വളർച്ച (Growth)

7. സാമൂഹ്യ ജീവിതത്തിൽ മനഷ്യന്റെ പെരുമാറ്റത്തെ നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന ഔപചാരിക മാർഗങ്ങളാണ് _______.

(a) സാമൂഹ്യ മൂലധനം (b) സാമൂഹ്യ നിയമനിർമ്മാണം

(c) സോഷ്യൽ പാത്തോളജി (d) സാമൂഹ്യ സുരക്ഷിതത്വം

8. പൊതുവായ അധികാരം സ്വകാര്യ നേട്ടത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നതിനെ സാധാരണയായി സൂചിപ്പിക്കുന്ന പദമാണ് ________.

(a) വർഗ്ഗീയത (b) അക്രമം

(c) അഴിമതി (d) തൊഴിലില്ലായ്മ

## പാർട്ട് – ബി

**9 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(6 × 2 = 12)**

9. ഒരു സോഷ്യൽ വർക്കർക്ക് ഉണ്ടായിരിക്കേണ്ട ഏതെങ്കിലും നാല് നൈപുണികൾ ലിസ്റ്റ് ചെയ്യുക.

10. എന്താണ് ഡിഫൻസ് മെക്കാനിസം ? ഏതെങ്കിലും രണ്ട് ഡിഫൻസ് മെക്കാനിസം രീതികൾ എഴുതുക.

11. ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിനുള്ള ഏതെങ്കിലും രണ്ട് കാരണങ്ങൾ ലിസ്റ്റ് ചെയ്യുക.

12. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

13. കമ്മ്യൂണിറ്റിയുടെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ എടുത്തെഴുതുക.

14. Name any two environmental protection groups working in India.

15. Write any two characteristics of Social Service.

16. What are the habits to be developed in our daily life to cope with stress ?

## PART – C

**Answer any 4 questions from 17 to 22. Each carries 3 scores. (4 × 3 = 12)**

17. Prepare a Time Line showing the major events in the historical development of social work in England.

18. What do you mean by decision making ? Briefly explain the POWER method of decision making.

19. List out any six reasons for violence against women.

20. Differentiate between Growth and Development.

21. What is Social Control ? Explain any two means of social control briefly.

22. A person who witnessed a bike accident helps the victim by taking him to the hospital. Identify the life skill mentioned here and briefly explain the same skill in your own words.

14. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും രണ്ട് പരിസ്ഥിതി സംരക്ഷണ സംഘടങ്ങളുടെ പേരെഴുതുക.

15. സാമൂഹ്യ സേവനത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

16. നമ്മുടെ നിത്യ ജീവിതത്തിൽ സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിന് വികസിപ്പിക്കേണ്ട ശീലങ്ങൾ എന്തൊക്കെയാണ് ?

## പാർട്ട് – സി

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

17. ഇംഗ്ലണ്ടിലെ സോഷ്യൽ വർക്കിന്റെ ചരിത്രപരമായ വികാസത്തിലെ പ്രധാന സംഭവങ്ങൾ കാണിക്കുന്ന ടൈംലൈൻ തയ്യാറാക്കുക.

18. തീരുമാനമെടുക്കൽ എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത് ? തീരുമാനമെടുക്കലിന്റെ POWER രീതി (POWER METHOD) ലഘുവായി വിശദമാക്കുക.

19. സ്ത്രീകൾക്കെതിരായ അതിക്രമത്തിന്റെ ഏതെങ്കിലും ആറ് കാരണങ്ങൾ ലിസ്റ്റ് ചെയ്യുക.

20. വളർച്ചയും വികാസവും തമ്മിൽ വ്യത്യാസപ്പെടുത്തുക.

21. എന്താണ് സാമൂഹ്യ നിയന്ത്രണം ? സാമൂഹ്യ നിയന്ത്രണത്തിന്റെ ഏതെങ്കിലും രണ്ട് മാർഗങ്ങൾ ലഘുവായി വിശദീകരിക്കുക.

22. ബൈക്കപകടത്തിന് ദൃക്സാക്ഷിയായ ഒരാൾ അപകടത്തിൽപെട്ടയാളെ ആശുപത്രിയിൽ കൊണ്ടുപോകാൻ സഹായിക്കുന്നു. ഇവിടെ സൂചിപ്പിക്കപ്പെട്ട ജീവിത നൈപുണി തിരിച്ചറിയുകയും പ്രസ്തുത നൈപുണിയെ നിങ്ങളുടെതായ വാക്കുകളിൽ ലഘുയായി വിശദീകരിക്കുകയും ചെയ്യുക.

## PART – D

**Answer any 3 questions from 23 to 26. Each carries 4 scores. (3 × 4 = 12)**

23. Social work is considered as a profession. Explain any four professional characteristics of social work.

24. Analyse the problem of unemployment with the help of a problem-Tree method.

25. List out the causes of environment degradation in India and suggest any four roles of social worker in environment protection.

26. Draw a Venn diagram showing the relationship between social work and its various disciplines. Explain any two disciplines briefly.

## PART – E

**Answer any 2 questions from 27 to 30. Each carries 5 scores. (2 × 5 = 10)**

27. What are the major problems faced by students in schools ? Explain the role of social worker in dealing with such problems.

28. Farmers play the vital role in food security of the society. Explain the problems faced by farming community and enlist some possible measures to empower them.

29. What is Socialization ? Explain any four agencies of Socialization.

30. Explain the Need Hierarchy Theory of Abraham Maslow with the help of a pyramid form.

## പാർട്ട് – ഡി

**23 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

23. സോഷ്യൽ വർക്ക് ഒരു തൊഴിലായി പരിഗണിക്കപ്പെടുന്നു. സോഷ്യൽ വർക്കിന്റെ ഏതെങ്കിലും നാല് തൊഴിൽ പരമായ സവിശേഷതകൾ വിശദീകരിക്കുക.

24. ഒരു പ്രോബ്ലം ട്രീ രീതിയുടെ സഹായത്തോടെ തൊഴിലില്ലായ്മ എന്ന പ്രശ്നത്തെ വിശകലനം നടത്തുക.

25. ഇന്ത്യയിലെ പരിസ്ഥിതി നാശത്തിന്റെ കാരണങ്ങൾ ലിസ്റ്റ് ചെയ്യുകയും പരിസ്ഥിതി സംരക്ഷണത്തിൽ സോഷ്യൽ വർക്കറുടെ ഏതെങ്കിലും നാല് ചുമതലകൾ നിർദ്ദേശിക്കുകയും ചെയ്യുക.

26. സോഷ്യൽ വർക്കും അനുബന്ധ വിജ്ഞാനശാഖകളും തമ്മിലുള്ള ബന്ധം കാണിക്കുന്ന വെൻ ഡയഗ്രം വരയ്ക്കുക. എതെങ്കിലും രണ്ട് വിജ്ഞാന ശാഖകൾ ലഘുവായി വിശദീകരിക്കുക.

## പാർട്ട് – ഇ

**27 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(2 × 5 = 10)**

27. സ്കൂളുകളിൽ കുട്ടികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് ? ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സോഷ്യൽ വർക്കറുടെ പങ്ക് വിശദമാക്കുക.

28. സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ കർഷകർ പ്രധാന പങ്ക് വഹിക്കുന്നു. കർഷകസമൂഹം. നേരിടുന്ന പ്രശനങ്ങൾ വിശദമാക്കുകയും അവരെ ശാക്തീകരിക്കുവാൻ സാധ്യമായ മാർഗങ്ങൾ എടുത്തെഴുതുകയും ചെയ്യുക.

29. എന്താണ് സാമൂഹ്യവത്കരണം ? എതെങ്കിലും നാല് സാമൂഹ്യവത്കരണ ഏജൻസികളെ വിശദീകറിക്കുക.

30. ഒരു പിരമിഡ് രൂപത്തിന്റെ സഹായത്തോടെ അബ്രഹാം മാസ്‌ലോവിന്റെ ആവശ്യങ്ങളുടെ ശ്രേണി സിദ്ധാന്തം വിശദീകരിക്കുക.

## PART – F

**Answer any 1 question from 31 to 32. Each carries 6 scores.** **$(1 \times 6 = 6)$**

31. Explain the methods of social work with the help of a Flow Chart.

32. What is personality ? Explain any five determinants of personality.

---

## പാർട്ട് – എഫ്

**31 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(1 × 6 = 6)**

31. ഒരു ഫ്ലോ ചാർട്ടിന്റെ സഹായത്തോടെ സോഷ്യൽ വർക്ക് രീതികൾ വിശദീകരിക്കുക.

32. എന്താണ് വ്യക്തിത്വം ? വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന എതെങ്കിലും അഞ്ച് ഘടകങ്ങൾ വിശദീകരിക്കുക.